**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല, തിരുവണ്ടൂർ ഗ്രാമപഞ്ചായത്തിലെ സംസ്ഥാന ആഡിറ്റ് റിപ്പോർട്ട് 2007-2008 ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 68,000/- രൂപയ്ക്ക് (അറുപത്തെണ്ണായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1745/19/തസ്വഭവ. തിരുവനന്തപുരം, തീയതി: 13/08/2019**

---

**പരാമർശം:** 1) പഞ്ചായത്ത് ഡയറക്ടറുടെ 25/01/2019 ലെ പി എ എൻ/27145/2018-എം 3(ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 03/06/2019-ലെ ഡി.കെ. എസ്.എ/ 1174/2019/പി റ്റി 1 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ല, തിരുവണ്ടൂർ ഗ്രാമപഞ്ചായത്തിലെ സംസ്ഥാന ആഡിറ്റ് റിപ്പോർട്ട് 2007-2008 ഖണ്ഡിക 3.3 പ്രകാരം സബ് സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യമായി ഫർണിച്ചർ വാങ്ങി നൽകുന്നതിന് ചെലവഴിച്ച 68,000/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. സബ് സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത ആനുകൂല്യമായി ഫർണിച്ചർ നൽകുന്നതിന് അനുമതിയില്ലാത്തതിനാലും മുൻകൂർ അനുമതി വാങ്ങിയിട്ടില്ലാത്തതിനാലുമാണ് ഈ തുകയ്ക്ക് തടസ്സം ഉന്നയിച്ചത്. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം മേശയും കസേരയും വാങ്ങുവാൻ പദ്ധതി രൂപീകരിക്കുകയും ആയതിന് പഞ്ചായത്ത് കമ്മറ്റി , ബി എൽ റ്റി സി, ഡി പി സി എന്നിവയുടെ അംഗീകാരം വാങ്ങി അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തു. സബ് സിഡി അനുവദനീയമല്ലായിരുന്നെങ്കിലും തുടർവർഷങ്ങളിൽ സർക്കാർ അനുമതിയുള്ളതായും ഈ പദ്ധതികൊണ്ട് സർക്കാരിനോ പഞ്ചായത്തിനോ ഒരുവിധ നഷ്ടവും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 68,000/- രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിരിക്കുന്നതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് 2007-2008 ൽ നടപ്പിലാക്കിയ പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായതിനാൽ ആകെ ചെലവഴിച്ച 68000/- രൂപയിൽ 54,000/- രൂപ തടസ്സപ്പെടുത്തുകയും 14,000/- രൂപ നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യവലോകനത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർന്ന് പുറപ്പെടുവിച്ച പുനരഭിപ്രായത്തിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായുള്ള ചെലവിന് സാധൂകരണം വാങ്ങുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21/12/2015 ലെ 23-ാം നമ്പർ തീരുമാനം, ജില്ലാതല മോണിറ്ററിംഗ്

സമിതിയുടെ 11/04/2018 ലെ VIII-ാം നമ്പറായുള്ള അനുകൂല ശുപാർശ എന്നിവയും കണക്കിലെടുത്ത് മേൽപരാമർശിച്ച ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്നതിൽ എതിരഭിപ്രായം ഇല്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ തിരുവണ്ടൂർ ഗ്രാമപഞ്ചായത്തിലെ സംസ്ഥാന ആഡിറ്റ് റിപ്പോർട്ട് 2007-2008 ഖണ്ഡിക 3.3 പ്രകാരം, സബ് സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ആനുകൂല്യമായി ഫർണിച്ചർ വാങ്ങി നൽകുന്നതിന് ചെലവഴിച്ച 68,000/- (അറുപത്തെണ്ണായിരം രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, തിരുവണ്ടൂർ ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**